പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2584 21.06.2012 -ൽ മറുപടിക്ക്.

## പ്രീപ്രൈമറിയിൽ പുതിയ പാഠ്യപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഡൊമനിക് പ്രസന്റേഷൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രീപ്രൈമറിയിൽ പുതിയ പാഠ്യ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | സർക്കാർ നിർദ്ദേശപ്രകാരം എസ്.സി.ഇ.ആർ.ടി നിയോഗിച്ച വിദഗ്ദസമിതി തയ്യാറാക്കിയ കരട് കേരള പ്രീസ്കൂൾ പാഠ്യപദ്ധതി സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗീകരിച്ച് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കുട്ടികളുടെ സ്കൂൾ പ്രവേശനത്തിനുള്ള സന്നദ്ധത, ശാരീരികവും മാനസികവുമായ വളർച്ച എന്നിവ ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇത് സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) | പ്രീപ്രൈമറി അദ്ധ്യാപകർക്ക് ഇതിനായി പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ; | (ബി) & (സി) | പാഠ്യപദ്ധതിഅംഗീകരിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ് |
| (സി) | ഇതു നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | | |

Kumar [signature]

സെക്ഷൻ ഓഫീസർ